**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നോൺ പ്ലാൻ വിഹിതങ്ങൾ നിക്ഷേപിക്കുന്നതിനായി യുവജനക്ഷേമ ബോർഡിന്റെ 14 ജില്ലാ യുവജന കേന്ദ്രങ്ങളിലും 2 അഡ്വഞ്ചർ അക്കാഡമികളിലും **Deputy Director and District Youth Programme Officer/Special Officer**-ന്റെ പേരിൽ അതാത് ട്രഷറികളിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്കീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.4027/2018/ധന.** തിരുവനന്തപുരം, തീയതി **09/05/2018**

---

പരാമർശം :-
1. 16/11/2017 ലെ സ.ഉ.(പി)നം.147/2017/ധന
2. കേരള സ്റ്റേറ്റ് യൂത്ത് വെൽഫേർ ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ 12/04/2018 തീയതിയിലെ എ 1-10273/17/വൈ.ഡബ്ല്യൂ.ബി. നം. കത്ത്.
3. ഭരണവകുപ്പ് ഫയൽ നം.SYA-B1/65/2018-SYA Computer no. 815813
4. ഭരണവകുപ്പ് ഫയൽ നം.SYA-B1/15/2018-SYA Computer no. 725520

**ഉത്തരവ്**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പ്രോഗ്രാമുകളും/പ്രോജക്ടുകളും ജില്ലകൾതോറും പ്രവർത്തിക്കുന്ന ജില്ലാ യുവജനകേന്ദ്രങ്ങൾ/സാഹസിക അക്കാഡമികൾ എന്നിവ വഴിയാണ് നടപ്പിലാക്കി വരുന്നതെന്നും 14 ജില്ലാ യുവജനകേന്ദ്രങ്ങളിലും രണ്ട് അഡ്വഞ്ചർ അക്കാഡമികളിലും നിലവിൽ മെമ്പർ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ ബ്രാഞ്ചുകളിൽ അക്കൗണ്ടുകൾ ഉണ്ടെന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി തിരുവനന്തപുരത്തെ വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സബ് ട്രഷറിയിൽ നിന്നും തുക ട്രാൻസ്ഫർ ക്രെഡിറ്റ് മുഖേന ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ യുടെ തിരുവനന്തപുരം സ്റ്റാച്യൂ സിറ്റി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയും അവിടെ നിന്നും ബന്ധപ്പെട്ട ജില്ലയിൽ മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയുമാണ് ചെയ്തു വന്നിരുന്നതെന്നും എന്നാൽ പരാമർശം 1ലെ ഉത്തരവ് പ്രകാരം ട്രഷറി അക്കൗണ്ടുകളിൽ നിന്നും ബാങ്ക് അക്കൗണ്ടുകളിൽ പണം നിക്ഷേപിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവായിരിക്കുന്നുവെന്നും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നിലവിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു അക്കൗണ്ട് (TPA 228) മാത്രമാണ് ഉള്ളതെന്നും മറ്റ് ജില്ലകളിലൊന്നും ട്രഷറി അക്കൗണ്ടുകളില്ലെന്നും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന കേരളോത്സവം പോലുള്ള പ്രധാന പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന ഉദ്ദേശം 5000 ഓളം വരുന്ന യുവജനങ്ങൾക്ക് ടി.എ, പ്രൈസ് മണി, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്ത് നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ ട്രഷറിയിലുള്ള പണം ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടത് അനിവാര്യമാണെന്നും ആയതു കൊണ്ട് തന്നെ പ്രോഗ്രാമുകൾ നടക്കുന്ന സമയത്ത് പ്രസ്തുത പ്രോഗ്രാമിന് ആവശ്യമായി വരുന്ന തുക ട്രഷറിയിൽ നിന്ന് മെമ്പർ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ-ലുള്ള അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അനുവാദം നൽകുന്നതിനും തുടർന്ന് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ നിന്നും ജില്ലാ ഓഫീസുകളിൽ മെമ്പർ സെക്രട്ടറിയുടെ പേരിൽ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് നൽകുന്നതിനും അനുവാദം നൽകണമെന്നും മെമ്പർ സെക്രട്ടറി പരാമർശ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി നോൺ പ്ലാൻ വിഹിതം നിക്ഷേപിക്കുന്നതിനു മാത്രമായി യുവജനക്ഷേമ ബോർഡിന്റെ 14 ജില്ലാ യുവജന കേന്ദ്രങ്ങളിലും 2 അഡ്വഞ്ചർ അക്കാഡമികളിലും **Deputy Director and District Youth Programme Officer/Special Officer**-ന്റെ പേരിൽ അതാത് ട്രഷറികളിൽ (*താഴെ അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം*) പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അനുവദിക്കുന്നതിന്, നിലവുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുകകൾ ഈ പുതിയ അക്കൗണ്ടുകളിലേക്ക് മാറ്റണമെന്നുള്ള നിബന്ധനയ്ക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് യൂത്ത് വെൽഫേർ ബോർഡ്
കായിക-യുവജന ക്ഷേമ (B) വകുപ്പ് (e-file No: SYA-B1/65/2018-SYA Computer no. 815813 പ്രകാരം)
ധനകാര്യ (Edn-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

| 1 | 2 | 3 |
|---|---|---|
| **Sl. No.** | **Designation of Officer to be designated as Account Holder** | **Name of Treasury where account is to be permitted** |
| 1 | Deputy Director and District Youth Programme Officer/Special Officer, Thiruvananthapuram | Treasury, Statue, Thiruvananthapuram |
| 2 | Deputy Director and District Youth Programme Officer/Special Officer, Kollam | Treasury, Collectorate, Kollam |
| 3 | Deputy Director and District Youth Programme Officer/Special Officer, Pathanamthitta | Treasury, Adoor, Pathanamthitta |
| 4 | Deputy Director and District Youth Programme Officer/Special Officer, Alappuzha | Treasury, Mini Civil Station Alappuzha |
| 5 | Deputy Director and District Youth Programme Officer/Special Officer, Kottayam | Treasury, Collectorate, Kottayam |
| 6 | Deputy Director and District Youth Programme Officer/Special Officer, Idukki | Treasury, Collectorate, Thodupuzha |
| 7 | Deputy Director and District Youth Programme Officer/Special Officer, Ernakulam | Treasury, Civil Station, Ernakulam |
| 8 | Deputy Director and District Youth Programme Officer/Special Officer, Thrissur | Treasury, Civil Station, Thrissur |
| 9 | Deputy Director and District Youth Programme Officer/Special Officer, Palakkad | Treasury, Collectorate Palakkad |
| 10 | Deputy Director and District Youth Programme Officer/Special Officer, Malappuram | Treasury, Collectorate Malappuram |
| 11 | Deputy Director and District Youth Programme Officer/Special Officer, Kozhikode | Treasury, Collectorate Kozhikode |
| 12 | Deputy Director and District Youth Programme Officer/Special Officer,Wayanad | Treasury, Collectorate Wayanad |
| 13 | Deputy Director and District Youth Programme Officer/Special Officer,Kannur | Treasury, Collectorate Kannur |
| 14 | Deputy Director and District Youth Programme Officer/Special Officer, Kasaragod | Treasury, Collectorate Kasaragod |
| 15 | Special Officer ,Adventure Academy Sub Centre, Muzhuppilangadu, Kannur | Treasury, Collectorate Kannur |
| 16 | Special Officer , National Adventure Academy, Devikulam | Treasury, Collectorate Munnar |